**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 883** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യമേഖലയിലെ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. കാരായി രാജൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യബന്ധന ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മത്സ്യബന്ധന ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും പ്രധാനമായും നിർവ്വഹണ ഏജൻസിയായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യബന്ധന ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവയുടെ വികസനത്തിനായി ഹാർബർ എൻജിനിയറിങ് വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ **അനുബന്ധം - I** ആയി ചേർക്കുന്നു.

**<u>വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയവ:</u>**

മേൽ പരാമർശിച്ചവ കൂടാതെ , വകുപ്പ് മുഖാന്തിരം, പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനായി എഫ്.ആർ.പി ബോട്ടുകൾ (Providing Boats (replacement) and Nets for Traditional Fishermen), മത്സ്യ വിപണനത്തിനായി ഫിഷ് കിയോസ്കുകൾ (കൺസ്ട്രക്ഷൻ ഓഫ് ഫിഷ് കിയോസ്ക്), ലൈവ് ഫിഷ് വെൻഡിങ് സെന്ററുകൾ എന്നിവയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രധാന പദ്ധതികളാണ്.

പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി പ്രകാരം - സംയോജിത ആധുനിക തീരദേശ മത്സ്യബന്ധന ഗ്രാമങ്ങളായി പൊന്നാനി, താനൂർ എന്നീ പ്രദേശങ്ങളെ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പൊന്നാനി ഹാർബറിൽ Establishment of fish feed mill, installation of Cold storage Facility എന്നീ പദ്ധതികൾ നടന്നു വരുന്നു. താനൂർ മത്സ്യഗ്രാമത്തിൽ Installation of Cold storage Facility, Fish processing kiosk, Establishment of Aquarium cum rearing unit, Establishment of OBM repair Centre എന്നീ പദ്ധതികളാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നത്.

തൃശ്ശൂർ ജില്ലയിൽ 8 ലൈഫ് ഫിഷ് വെന്റിംഗ് സെന്ററും, ഒരു കിയോസ്കും നടപ്പിലാക്കിയിട്ടുണ്ട്. ചാവക്കാട് എടക്കഴിയൂർ ഫിഷ് ലാന്റിംഗ് സെന്ററിനോടനുബന്ധിച്ച് ഒരു OBM റിപ്പയറിംഗ് സെന്റർ,

ടോയ് ലറ്റ് ബ്ലോക്ക്, നെറ്റ് വെന്റിംഗ് യാർഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു.

കൊല്ലം ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖാന്തിരം മത്സ്യബന്ധന ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെൻററുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം നടന്നു വരുന്നു. ആലപ്പുഴ ജില്ലയിൽ മത്സ്യ വിപണന മേഖലയുടെ വികസനത്തിനായി ജില്ലയിലെ ആറാട്ടുപുഴ പ്രദേശത്ത് വലിയഴീക്കൽ ഹാർബറിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യബന്ധന ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. ടി പദ്ധതിയുടെ ഭാഗമായി ഫിഷ് വെൻഡിങ് യൂണിറ്റ് നൽകുന്ന പദ്ധതി- 6 എണ്ണം മോട്ടോർസൈക്കിൾ വിത്ത് ഐസ് ബോക്സ് പദ്ധതി-29 എണ്ണം സൈക്കിൾ വിത്ത് ഐസ് ബോക്സ്-4 എണ്ണം CRCFV പദ്ധതിയിൽ ഫിഷ് വെന്റിംഗ് ഓട്ടോ കിയോസ്ക്-6 എണ്ണം PMMSY കൺസ്ട്രക്ഷൻ ഓഫ് ഫിഷ് Kiosk പദ്ധതി-2 യൂണിറ്റ് ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റ് - 1 എണ്ണം റഫ്രിജറേറ്റഡ് വാഹനം-1 എണ്ണം

<u>**മത്സ്യഫെഡ് മുഖാന്തിരം നടപ്പിലാക്കിയവ:**</u>

Project for Hygienic Fresh Fish Retailing, പി.എം.എം.എസ്.വൈ എന്നിവയിൽ ഉൾപ്പെടുത്തി ഹൈടെക് ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിരുന്നു. കൂടാതെ നിയമസഭാ സാമാജികരുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നുള്ള ധനസഹായത്താൽ സഞ്ചരിക്കുന്ന മത്സ്യ വിപണന ശാലകൾ- അന്തിപ്പച്ച യൂണിറ്റുകൾ- നടപ്പാക്കി.

<u>**KSCADC മുഖാന്തിരം നടപ്പിലാക്കിയവ:**</u>

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യബന്ധന ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം – II** ആയി ചേർക്കുന്നു.

**(ബി)** മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി കേന്ദ്ര -സംസ്ഥാന പദ്ധതികളുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

<u>**മറുപടി:**</u> <u>**ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയവ**</u>

കേന്ദ്ര സംസ്ഥാന പദ്ധതികളുടെ ഭാഗമായി ഫിഷറീസ് വകുപ്പ് ഇംപ്ലിമെന്റിംഗ് ഏജൻസിയായി നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് Integrated Modern Coastal Fishing Village - ചാലിൽ ഗോപാലപേട്ട എന്ന പദ്ധതി. ഈ പദ്ധതി 07/05/2024-ലെ സ.ഉ(സാധാ)നം. 226/2024/മത്സ്യബന്ധന പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും സാമ്പത്തിക വിനിയോഗവും നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേനയാണ് നിർവ്വഹിക്കുന്നത്.

ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 പ്രധാന ഉപ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. തലായി ഫിഷിംഗ് ഹാർബറിന് സമീപം ഫിഷ് മാർക്കറ്റ് നിർമ്മാണം.

2. ചാലിൽ ഗോപാലപേട്ട ഫിഷ് ലാന്റിംഗ് സെന്ററിന് പരിസരത്ത് കമ്മ്യൂണിറ്റി ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണം.

3. നായനാർ ഫിഷറീസ് കോളനിയിൽ സെപ്റ്റേജ് യൂണിറ്റ് നിർമ്മാണം.

4. കെ.ഇ.സി ഫിഷറീസ് കോളനിയിൽ സെപ്റ്റേജ് യൂണിറ്റ് നിർമ്മാണം.

5. Coastal bio shielding ഒരുക്കൽ.

6. ഔട്ട് ബോർഡ് മോട്ടോർ റിപ്പയർ സെന്റർ സ്ഥാപിക്കൽ.

7. ഫിഷറീസ് എക്സ്റ്റൻഷൻ കം ട്രെയിനിംഗ് സെന്റർ സ്ഥാപിക്കൽ

8. ചാലിൽ ഗോപാലപേട്ട തീരത്ത് ആർട്ടിഫിഷ്യൽ റീഫ് മൊഡ്യൂളുകൾ സ്ഥാപിക്കൽ (പദ്ധതി പൂർത്തീകരിച്ചു)

9. ചാലിൽ ഗോപാലപേട്ടയിലെ തിരഞ്ഞെടുക്കപ്പെട്ട 150 മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സുകളുടെ വിതരണം (പദ്ധതി പൂർത്തീകരിച്ചു).

10. തിരഞ്ഞെടുക്കപ്പെട്ട 5 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഫിഷ് വെൻഡിംഗ് ഇലക്ട്രിക് ഓട്ടോ കിയോസ്ക് വിതരണം. (പദ്ധതി പൂർത്തീകരിച്ചു)

മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനായി എഫ്. ആർ. പി. ബോട്ടുകൾ (Providing Boats ( Replacement ) and Nets for Traditional Fishermen), മത്സ്യ വിപണനത്തിനായി ടൂ വീലറുകൾ ( മോട്ടോർ സൈക്കിൾ വിത്ത് ഐസ് ബോക്സ്) , ത്രീ വീലറുകൾ (ത്രീ വീലർ ഐസ് ബോക്സ്), ഇൻസുലേറ്റഡ് വെഹിക്കിൾസ്, ഫിഷ് കിയോസ്കുകൾ (കൺസ്ട്രക്ഷൻ ഓഫ് ഫിഷ് കിയോസ്ക്), ലൈവ് ഫിഷ് വെൻഡിങ് സെന്ററുകൾ, കൂടാതെ ഐസ്പ്ലാന്റ് (10 ടൺ) എന്നിവയും, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി - സംയോജിത ആധുനിക തീരദേശ മത്സ്യ ബന്ധന പദ്ധതി പ്രകാരം പൊന്നാനി മത്സ്യഗ്രാമത്തിൽ Construction of community facility centre, Construction of Disaster resilient settlements for fishermen rehabilitation during environment disaster, Establishment of fish feed mill, Rehabilitation and Reconstruction of fishermen dwellings, installation of Cold storage Facility, Fish processing kiosk, Establishment of sea food cafeteria / fish product outlet, Deployment of artificial reef off the coast of Ponnani fishing village എന്നിവയും താനൂർ മത്സ്യഗ്രാമത്തിൽ Construction of Rehabilitation Centre cum community centre, Construction of Model Disaster resilient Houses, Installation of Cold storage Facility, Fish processing kiosk, Establishment of sea food cafeteria / fish product outlet for fisherwoman empowerment, Rehabilitation and Reconstruction of fishermen dwellings of Tanur FV, Establishment of Aquarium cum rearing unit, Establishment of OBM repair Centre എന്നീ പദ്ധതികളുമാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നത്.

മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി പുനർഗേഹം പദ്ധതി പ്രകാരം 307 പേരെ സുരക്ഷിതമായി മാറ്റി പാർപ്പിച്ചു. പദ്ധതി തുടർന്നുവരുന്നു. BIF - HDF കോളനി നവീകരണ പദ്ധതിയിലൂടെ വാടാനപ്പിള്ളി വ്യാസനഗർ കോളനിയിലെ 2 ഗുണഭോക്താക്കൾക്ക് വീടും ഭവന പുനരുദ്ധാരണത്തിന് ഒരാൾക്കും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം 67 ഭവനങ്ങളുടെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന പദ്ധതിയായ മാതൃകാ

മത്സ്യഗ്രാമം പദ്ധതി വഴി എടക്കഴീയൂർ മത്സ്യഗ്രാമത്തിലെ ഫിഷറീസ് കോളനിയിൽ 21 ഭവന നിർമ്മാണവും 4 ഭവന പുനരുദ്ധാരണവും നടന്നുവരുന്നു.

മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സംസ്ഥാന പദ്ധതികളുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ **അനുബന്ധം – III** ആയി ചേർക്കുന്നു.

കോഴിക്കോട് ജില്ലയിൽ നിലവിൽ ബേപ്പൂർ, വെള്ളയിൽ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാല എന്നിങ്ങനെ 5 ഹാർബറുകളുടെ വികസനത്തിനായി ഹാർബർ മാനേജ്മെന്റ് സമിതികൾ രൂപീകരിച്ച് ഹാർബറിന്റെ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 6 മത്സ്യഗ്രാമങ്ങൾ CRCFV പദ്ധതിയിൽ തെരഞ്ഞെടുത്തതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പള്ളം മത്സ്യ ഗ്രാമത്തിൽ കടൽക്ഷോഭവും മറ്റ് ദുരിതങ്ങളും ഉണ്ടാകുമ്പോൾ മത്സ്യതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു Multi purpose Fisheries Centre സ്ഥാപിക്കാനുള്ള പദ്ധതിക്ക് NFDB യിൽ നിന്നും ഭരണാനുമതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര താലൂക്കിലെ കരുകുളം പഞ്ചായത്തിലെ പള്ളം എന്ന സ്ഥലത്ത് റീ സർവ്വേ 95/5 ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലത്ത് Multi purpose Fisheries Centre സ്ഥപക്കുന്നതിനുള്ള permissive sanction ലഭിക്കുകയും ആയതിന്റെ നിർമ്മാണ പ്രവത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്.

കൊല്ലം ജില്ലയിൽ സംസ്ഥാന സർക്കാർ പദ്ധതികളുമായി ബന്ധപ്പെട്ട മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി തീരദേശത്തു വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മുഴുവൻ ജനങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മുൻ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിൽ ആകെ 379 കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് BIF- HDF (മത്സ്യതൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും, മാനവശേഷി വികസനവും) ഭവന പുനരുദ്ധാരണ പദ്ധതിയിലൂടെ കൊല്ലം ജില്ലയിൽ ആകെ 46 കുടുംബങ്ങൾ ഭവന നവീകരണം പൂർത്തീകരിച്ചു. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതികളുമായി ബന്ധപ്പെട്ട PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷ് കിയോസ്കുകൾ, ലൈവ് ഫിഷ് വെൻഡിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇരവിപുരം സൗത്ത് മത്സ്യഗ്രാമത്തിൽ PMMSY Climate Resilient Coastal Fishermen Village Project ഭാഗമായി 9 Mini Mast Light (Solar) , 10 Plastic Bottle Bin, 1 Multi Purpose Fisheries Centre, 3 Portable Solar Drier, 1 Electric Fish Vending Kiosk എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ മത്സ്യമേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മുൻ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ജില്ലയിൽ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഐസ് ബോക്സ്, ജിപിഎസ്, ട്രാൻസ്പോണ്ടർ, ഇൻഷുറൻസ്, VHF, കടൽ സുരക്ഷ ഉപകരണങ്ങൾ, പരമ്പരാഗത തടി വള്ളങ്ങൾ മാറ്റി FRP യാനം നൽകുന്ന പദ്ധതി, മത്സ്യ കച്ചവടത്തിന് ഇരുചക്ര വാഹനവും ഐസ് ബോക്സും, സൈക്കിളും ഐസ് ബോക്സും പദ്ധതി,കോളനി പുനരുദ്ധാരണ പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി, പുനർഗേഹം പദ്ധതി, Rewiring (2016-17), ടോയ്‌ലെറ്റ് നിർമ്മാണം (2016-17), ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് വീടും സ്ഥലവും വാങ്ങുന്നതിന് ധനസഹായം നൽകൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പുനർഗേഹം പദ്ധതി വഴി കടലാക്രമണ ഭീഷണി നേരിടുന്ന വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിയിൽ ഉൾപ്പെട്ട തീരദേശ വാസികളെ സുരക്ഷിത സ്ഥാനത്തേക്ക് 2020 മുതൽ പുനർഗേഹം പദ്ധതി വഴി പുനരധിവസിപ്പിച്ചു വരുന്നു. ടി പദ്ധതിയുടെ ഭാഗമായി തോട്ടപ്പള്ളി മണ്ണും പുറത്ത് 204

കുടുംബങ്ങൾക്കായി ഫ്ലാറ്റ് നിർമ്മിച്ചുവരുന്നു. 81 ഫ്ലാറ്റുകളിലേക്കുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചിട്ടുമുണ്ട്. കൂടാതെ, തീരപ്രദേശങ്ങളിലെ ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയുടെ ഭാഗമായി ബോട്ടിൽ ബൂത്തുകൾ ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്. മത്സ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആറാട്ടുപുഴ പ്രദേശത്ത് കടൽ ഭിത്തി നിർമ്മാണം ഊർജ്ജിതമാക്കുകയും, ടെട്രാപോഡ് ജിയോടാഗ് എന്നിവ സ്ഥാപിച്ച് സംരക്ഷണം ഉറപ്പാക്കിയിട്ടുമുണ്ട്. CRCFV പദ്ധതിയുടെ ഭാഗമായി സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റുകൾ ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, മൾട്ടിപർപ്പസ് ഫിഷറീസ് സെന്റർ നിർമ്മാണം ജില്ലയിൽ പുരോഗമിക്കുന്നു. ഉൾനാടൻ മത്സ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മുൻ സർക്കാരിന്റെ കാലത്ത് ജനകീയ മത്സ്യകൃഷി പദ്ധതി PMMSY ഉൾപ്പെടുത്തി മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യ വിപണനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി കേന്ദ്ര - സംസ്ഥാന പദ്ധതികളുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം – IV** ആയി ചേർക്കുന്നു.

**<u>മത്സ്യഫെഡ് മുഖാന്തിരം നടപ്പിലാക്കിയവ:</u>**

Project for Hygienic Fresh Fish Retailing, പി.എം.എം.എസ്.വൈ പദ്ധതിയിലും ഉൾപ്പെടുത്തി ഹൈടെക് ഫിഷ് മാർട്ടുകൾ സ്ഥാപിച്ചു. കൂടാതെ നിയമസഭാ സാമാജികരുടെ പ്രത്യേക വികസന ധനസഹായത്താൽ സഞ്ചരിക്കുന്ന മത്സ്യ വിപണന ശാലകൾ അന്തിപ്പച്ച യൂണിറ്റുകൾ ആരംഭിച്ചു. NABARD RIDF പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ മുളക്കുഴയിൽ 5.2 കോടി രൂപ മുതൽമുടക്കിൽ മത്സ്യ മൂല്യ വർദ്ധിത ഉല്പാദന കേന്ദ്രം സ്ഥാപിച്ചു. NABARD RIDF Tranche xxx എന്ന പദ്ധതിയിൽ 25 കോടി രൂപ മുതൽ മുടക്കിൽ Upgradation of Technology at Matsyafed Ice and Freezing Plant and Commencement of Cold Chain എന്ന പദ്ധതി നടപ്പാക്കി വരുന്നു.

**(സി)** മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ സർക്കാർ ചെലവഴിച്ച തുകയും പൂർത്തീകരിച്ച പദ്ധതികളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവർത്തികൾ നടപ്പിലാക്കുന്നതും, ടി പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്കുകൾ കൈകാര്യം ചെയ്യുന്നതും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ്.

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പ്രദേശത്തുള്ള വലിയഴീക്കൽ ഹാർബറിന്റെ നവീകരണ പ്രവർത്തനങ്ങൾ ഹാർബർ എൻജിനീയറിങ് വകുപ്പ് മുഖാന്തിരം നടത്തുകയും ആയതിലേക്ക് 16 കോടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ SPV ആയി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഹാർബർ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം | 11221.8 | 10344.92 | പദ്ധതി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2 | ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണം | 18232.71 | 10717.67 | പദ്ധതി പുരോഗമിക്കുന്നു. |

മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ സർക്കാർ NABARD, PMMSY, FIDF പദ്ധതികളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ചെലവഴിച്ച തുക ( ലക്ഷത്തിൽ) |
|---|---|---|
| 1 | നബാർഡ് RIDF | 14233.02212 |
| 2 | നബാർഡ് FIDF | 1198.87 |
| 3 | പി എം എം എസ് വൈ | 13949.67171 |
| ആകെ ചെലവഴിച്ച തുക | | **29381.56383** |

മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ സർക്കാർ കാലത്ത് നബാർഡ് XXVI ൽ ഉൾപ്പെട്ട തങ്കശ്ശേരി, നീണ്ടകര, ശക്തികുളങ്ങര, കായംകുളം എന്നീ മത്സ്യ ബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണവും വിപുലീകരണവും നബാർഡ് XXVII ൽ ഉൾപ്പെട്ട താനൂർ, വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം, നബാർഡ് XXVIII യിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണം എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**(ഡി)** ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളുടെ പൂർണതോതിലുള്ള പ്രവർത്തനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**മറുപടി:** കൊല്ലം ജില്ലാ പരിധിയിലെ തങ്കശ്ശേരി, ശക്തികുളങ്ങര, നീണ്ടകര, അഴീക്കൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തീരദേശം മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹാർബറുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തണമെന്നും, ഹാർബറും പരിസരവും വൃത്തിയാക്കുന്നതിനും, അനധികൃത മത്സ്യബന്ധന രീതികൾക്ക് തടയിടുന്നതിനും, ടി രീതിയിൽ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും, ഹാർബറുകളിൽ നടക്കുന്ന കള്ള്, കഞ്ചാവ് ഉൾപ്പെടെ മറ്റ് ലഹരി മരുന്ന് കച്ചവടങ്ങൾ തടയുന്നതിന് പോലീസ്, എക്സൈസ് വകുപ്പുകൾക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മത്സ്യസംഭരണവും, ലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനുമായി 2021 ലെ കേരള മത്സ്യ സംഭരണവും വിപണനവും ഗുണപരിപാലനവും ആക്ട് 9-ാം വകുപ്പ് പ്രകാരം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപം കൊണ്ടു. ആയതിൻ പ്രകാരം 21 ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചു. അവയുടെ വിവരങ്ങൾ **അനുബന്ധം -V** ആയി ചേർക്കുന്നു.

ഇതോടൊപ്പം എറണാകുളം ജില്ലയിലെ മുനമ്പം ഹാർബറിൽ തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് ജി.ഒ (എം.എസ്) നമ്പർ 26/2004/ മ.തു.വ തീയതി 29/06/2024 പ്രകാരം മുനമ്പം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രജിസ്റ്റർ ചെയ്ത് സ്വതന്ത്ര സൊസൈറ്റിയായി പ്രവർത്തിച്ച് വരുന്നുണ്ട്.

സർക്കാർ ഉത്തരവുകളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, ജില്ലയിലെ ഹാർബർ മാനേജ്മെൻ്റ് സൊസൈറ്റികളുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേർന്നു വരുന്നുണ്ട്. സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പ്രസ്തുത യോഗങ്ങളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് തുടർ നടപടികൾ സ്വീകരിച്ച് വരുന്നത്.

ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളുടെ പൂർണതോതിലുള്ള പ്രവർത്തനത്തിന് സജ്ജമായിട്ടില്ല. ഗവ. നോമിനേഷൻ പ്രകാരമുള്ള അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടുകയും മീറ്റിംഗ് തീരുമാനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**

## <u>അനുബന്ധം - I</u>

| ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | | | |
|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജില്ല | ഭരണാനുമതി തുക (ലക്ഷത്തിൽ) |
| I | <u>പി എം എം എസ് വൈ</u> | | |
| A | <u>മത്സ്യബന്ധന തുറമുഖത്തിൻ്റെ വിപുലീകരണം</u> | | |
| 1 | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിൻ്റെ വിപുലീകരണം | കാസർഗോഡ് | 7053.00 |
| B | <u>നിലവിലുള്ള മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണവും ആധുനികവൽക്കരണവും</u> | | |
| a | പൊന്നാനി ഫിഷിംഗ് ഹാർബർ | മലപ്പുറം | 1873 |
| b | പുതിയാപ്പ  ഫിഷിംഗ് ഹാർബർ | കോഴിക്കോട് | 1606 |
| c | കൊയിലാണ്ടി   ഫിഷിംഗ് ഹാർബർ | കോഴിക്കോട് | 2090.00 |
| C | <u>നിലവിലുള്ള 6 (ആറ്) മത്സ്യബന്ധന തുറമുഖങ്ങളിൽ  ഡ്രെഡ്ജിംഗ്</u> | | |
| a | ആലപ്പാട് അഴീക്കൽ (കായംകുളം) ഫിഷിംഗ് ഹാർബർ ഡ്രഡ്ജിംഗ് | ആലപ്പുഴ | 553.00 |
| b | ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രെഡ്ജിംഗ് | തൃശ്ശൂർ | 553.00 |
| c | പൊന്നാനി ഫിഷിംഗ് ഹാർബർ ഡ്രഡ്ജിംഗ് | മലപ്പുറം | 637.00 |
| d | ബേപ്പൂർ ഫിഷിംഗ് ഹാർബർ – ചാനൽ ഡ്രെഡ്ജിംഗ് | കോഴിക്കോട് | 594.00 |
| e | പുതിയാപ്പാ  ഫിഷിംഗ് ഹാർബർ ഡ്രഡ്ജിംഗ് | കോഴിക്കോട് | 564.00 |

| | | | |
|---|---|---|---|
| f | കൊയിലാണ്ടി ഫിഷിംഗ് ഹാർബർ ഡ്രഡ്ജിംഗ് | കോഴിക്കോട് | 588.00 |
| ii | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വിപുലീകരണം | തിരുവനന്തപുര ം | 17700.00 |
| II | <u>നബാർഡ്</u> | | |
| | RIDF XXVI | _ | _ |
| 1 | തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം | കൊല്ലം | 514 |
| 2 | നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും | കൊല്ലം | 1000 |
| 3 | നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും | കൊല്ലം | 3450 |
| 4 | കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം | ആലപ്പുഴ | 780 |
| | RIDF XXVII | | |
| 1 | വലിയഴീക്കൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യവികസനം | ആലപ്പുഴ | 1668.00 |
| 2 | ചെല്ലാനം മത്സ്യബന്ധന തുറമുഖത്ത് അധിക അടിസ്ഥാന സൗകര്യങ്ങൾ | എറണാകുളം | 1343.00 |
| 3 | താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യവികസനം | മലപ്പുറം | 1390.76 |

| | | | |
|---|---|---|---|
| 4 | വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യവികസനം | കോഴിക്കോട് | 1153.00 |
| | RIDF XXVIII | | |
| 1 | ആലപ്പാട് അഴീക്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം | കൊല്ലം | 2557.55 |
| 2 | അഴീക്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം | കണ്ണൂർ | 2536.85 |
| | RIDF XXIX | | |
| 1 | പൊന്നാനി മത്സ്യബന്ധന തുറമുഖം – ബ്രേക്ക് വാട്ടറുകളുടെ പുനർനിർമ്മാണം | മലപ്പുറം | 1694.14 |
| 2 | ചാലിൽ ഗോപാൽപേട്ട മത്സ്യബന്ധന കേന്ദ്രത്തിന്റെ വികസനം | കണ്ണൂർ | 1115.00 |
| | RIDF XXX | | |
| 1 | ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം, നവീകരണം, അനുബന്ധ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ | തൃശ്ശൂർ | 3030.00 |
| 2 | തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം, നവീകരണം, അനുബന്ധ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ | കൊല്ലം | 2800.00 |
| III | എഫ് ഐ ഡി എഫ് 2023-2024 | | |

| | | | |
|---|---|---|---|
| 1 | അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം (ബാലൻസ് വർക്ക്) | ആലപ്പുഴ | 15073.09 |
| IV | <u>കിഫ്ബി</u> | | |
| 1 | മുതലപ്പൊഴി ഫിഷറി ഹാർബർ – താഴംപള്ളി ഭാഗത്തും കഠിനംകുളം കായലിലും തീരസംരക്ഷണ പ്രവർത്തനങ്ങൾ | തിരുവനന്തപുരം | 2651.00 |
| 2 | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമാണം | മലപ്പുറം | 11221.82 |
| 3 | ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണം | ആലപ്പുഴ | 9743.64 |
| V | <u>സാഗർമാല</u> | | |
| 1 | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ്, ലാന്റ് സൈഡ് ഫെസിലിറ്റി | കോഴിക്കോട് | 1327.00 |
| 2 | ചേറ്റുവ മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ്, ലാന്റ് സൈഡ് ഫെസിലിറ്റി | തൃശ്ശൂർ | 883.00 |
| 3 | മുനക്കൽക്കടവ് മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ്, ലാന്റ് സൈഡ് ഫെസിലിറ്റി | തൃശ്ശൂർ | 1167.00 |
| 4 | ചെല്ലാനം മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ്, ലാന്റ് സൈഡ് ഫെസിലിറ്റി | എറണാകുളം | 1263.00 |
| 5 | വെള്ളയിൽ മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ്, ലാന്റ് സൈഡ് ഫെസിലിറ്റി | കോഴിക്കോട് | 2996.00 |

| | | | |
|---|---|---|---|
| 6 | താനൂർ മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ്, ലാന്റ് സൈഡ് ഫെസിലിറ്റി | മലപ്പുറം | 1939.00 |
| 7 | പൊന്നാനി മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ്, ലാന്റ് സൈഡ് ഫെസിലിറ്റി | മലപ്പുറം | 1975.00 |
| a | സ്റ്റേറ്റ് പ്ലാൻ സ്കീം | | |
| 1 | മോപ്ലാബേ ഫിഷറീസ് ഹാർബറിലെ മെയിന്റനൻസ് ഡ്രെഡ്ജിംഗ് – ഡ്രെഡ്ജിംഗ് | കണ്ണൂർ | 100.00 |
| 2 | വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ ഡ്രെഡ്ജിംഗും അറ്റകുറ്റപ്പണികളും | എറണാകുളം | 100.00 |
| 3 | ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രെഡ്ജിംഗ് അറ്റകുറ്റപ്പണികൾ. | കാസർഗോഡ് | 100.00 |
| 4 | ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം | കോഴിക്കോട് | 100.00 |
| 5 | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ അറ്റകുറ്റപ്പണികൾ – കാന്റീനിന്റെ അറ്റകുറ്റപ്പണി, ലേല ഹാളിന് മുന്നിലുള്ള പാർക്കിംഗ് ഏരിയ, അറ്റകുറ്റപ്പണികൾ. | ആലപ്പുഴ | 99.00 |
| 6 | തങ്കശ്ശേരി ഫിഷിംഗ് ഹാർബർ – അറ്റകുറ്റപ്പണികളും പരിപാലനവും മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രെഡ്ജിംഗ് | കൊല്ലം | 50.00 |
| VIII | എക്സ്പാൻഷൻ ആന്റ് മേജർ അഡീഷൻസ് ഫോർ കോസ്റ്റൽ ഇൻഫ്രാസ്ട്രക്ചർ | | |

| | | | |
|---|---|---|---|
| 1 | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്ത് ഫ്ലോട്ടിംഗ് ലാൻഡിംഗ് ജെട്ടിയുടെ നിർമ്മാണം | കാസർഗോഡ് | 160.00 |
| 2 | തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്ത് വനിതാ ഷെൽട്ടറിന്റെ നിർമ്മാണം | കൊല്ലം | 35.00 |
| | | | |
| ഫിഷ് ലാൻഡിങ് സെന്റർ (എക്സ്പാൻഷൻ & മേജർ അഡീഷൻ റ്റു കോസ്റ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ) | | | |
| 1 | മുഖദാർ ഫിഷ് ലാന്റിംഗ് സെന്റർ | കോഴിക്കോട് | 955.00 |
| 2 | നവകേരള സദസ്സ് – ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ | കണ്ണൂർ | 500.00 |
| 3 | അഴീത്തല ഫിഷ് ലാന്റിംഗ് സെന്റർ | കോഴിക്കോട് | 120.00 |
| 4 | ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ | കോഴിക്കോട് | 1700.00 |

# അനുബന്ധം – II

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **കിഫ്ബി പദ്ധതി – മത്സ്യബന്ധന ഹാർബർ നിർമ്മാണം** | | |
| 1 | പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം | 11221.8 | പദ്ധതി പുരോഗമിക്കുന്നു |
| 2 | ചെത്തി മത്സ്യബന്ധന തുറമുഖം | 18232.71 | പദ്ധതി പുരോഗമിക്കുന്നു |
| | **ഫിഷ് ലാന്റിംഗ് സെൻററർ** | | |
| 1 | പ്രായിക്കര ഫിഷ് ലാന്റിംഗ് സെൻററർ | 133.62 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | **കിഫ്ബി പദ്ധതി – മത്സ്യമാർക്കറ്റ് നിർമ്മാണം** | | |
| 1 | അടൂർ | 200.53 | പദ്ധതി പൂർത്തീകരിച്ചു |
| 2 | പുത്തൂർ | 284.26 | പദ്ധതി പൂർത്തീകരിച്ചു |
| 3 | പുത്തൻചന്ത | 214.58 | പദ്ധതി പൂർത്തീകരിച്ചു |
| 4 | നടുക്കാട് | 251.18 | പദ്ധതി പുരോഗമിക്കുന്നു |
| 5 | പൂന്തുറ | 237.92 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 6 | പനച്ചമൂട് | 535.77 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 7 | നിലക്കാമുക്ക് | 166.76 | പദ്ധതി പുരോഗമിക്കുന്നു |
| 8 | കടപ്പാക്കട | 210.639 | പദ്ധതി പുരോഗമിക്കുന്നു |
| 9 | പള്ളിമുക്ക് | 320.527 | പദ്ധതി പുരോഗമിക്കുന്നു |
| 10 | മൂന്നാംകുറ്റി | 202.054 | പദ്ധതി പുരോഗമിക്കുന്നു |
| 11 | സൗത്ത് പരവൂർ | 235.182 | പദ്ധതി പുരോഗമിക്കുന്നു |
| 12 | കൊട്ടിയം | 226.22 | പദ്ധതി പൂർത്തീകരിച്ചു |
| 13 | ചാത്തന്നൂർ | 528.06 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 14 | കടയ്ക്കൽ | 374.43 | പദ്ധതി പുരോഗമിക്കുന്നു |
| 15 | കിഴക്കേകല്ലട | 214.42 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 16 | പുനലൂർ | 642.75 | പദ്ധതി പുരോഗമിക്കുന്നു |
| 17 | തങ്കശ്ശേരി | 320.729 | പദ്ധതി പുരോഗമിക്കുന്നു |
| 18 | കൂടൽ | 178.29 | പദ്ധതി പുരോഗമിക്കുന്നു |
| 19 | മാങ്കാംകുഴി | 176.13 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 20 | ചാലക്കുടി | 350.02 | പദ്ധതി പുരോഗമിക്കുന്നു |
| 21 | വക്കം | 195.786 | പദ്ധതി പുരോഗമിക്കുന്നു |
| 22 | വാമനപുരം | 439.32 | പദ്ധതി പുരോഗമിക്കുന്നു |
| 23 | പഴയകുന്നുമ്മേൽ | 358.10 | പദ്ധതി പുരോഗമിക്കുന്നു |
| 24 | കടക്കാവൂർ | 265.83 | പദ്ധതി പുരോഗമിക്കുന്നു |
| 25 | നെയ്യാറ്റിൻകര | 478.4 | പുതുക്കിയ പ്ലാൻ (കിഫ്ബി നിർ |

| | | | |
|---|---|---|---|
| | | | ദ്ദേശ പ്രകാരം) അനുസരിച്ച് TS പുതുക്കി തയ്യാറാക്കുന്നു. |
| 26 | അഞ്ചൽ | 472.314 | പദ്ധതി പുരോഗമിക്കുന്നു |
| 27 | കാവനാട് | 245.08 | പദ്ധതി പുരോഗമിക്കുന്നു |
| 28 | പത്തനാപുരം | 181.814 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |
| 29 | കുലശേഖരപുരം | 340.83 | ദർഘാസ് നടപടികൾ സ്വീകരിക്കേണ്ടതുണ്ട് |
| 30 | പാരിപ്പള്ളി | 302.63 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |
| 31 | കൊട്ടാരക്കര | 506.67 | പദ്ധതി പുരോഗമിക്കുന്നു |
| 32 | കുമ്പഴ | 227.31 | പദ്ധതി പുരോഗമിക്കുന്നു |
| 33 | മണ്ണഞ്ചേരി | 175.05 | പദ്ധതി പുരോഗമിക്കുന്നു |
| 34 | ചേർത്തല | 307.6 | പദ്ധതി പുരോഗമിക്കുന്നു |
| 35 | താമരക്കുളം | 227.52 | പ്രവൃത്തി പ്രാരംഭഘട്ടത്തിൽ |
| 36 | ചെത്തി | 170.35 | പദ്ധതി പുരോഗമിക്കുന്നു |
| 37 | ഇടക്കൊച്ചി | 143.26 | PED അംഗീകാരം സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മാർക്കറ്റ് നിർമ്മാണ സ്ഥലത്തിന്റെ feasibility പരിശോധിച്ചുവരുന്നു |
| 38 | നായരമ്പലം | 276.49 | പദ്ധതി പുരോഗമിക്കുന്നു |
| 39 | കുന്നംകുളം | 466.40 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനായി Out of court settlement സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കണമെന്ന് മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ലഭിച്ചിട്ടില്ല. |
| 40 | കാഞ്ഞിരംകുളം | 246.95 | സ്ഥലം ലഭ്യതയ്ക്കനുസരിച്ച് പ്ലാൻ പുതുക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു |
| 41 | ആലുംമൂട് | 175.25 | നിലവിലെ മാർക്കറ്റ് കെട്ടിടം ഉപയോഗയോഗ്യമായതിനാൽ പുതിയ നിർമ്മാണം ഏർപ്പാടാക്കേണ്ടതില്ല എന്ന് കിഫ്ബി നിർദ്ദേശിച്ചു |
| 42 | വെള്ളയിൽ | 373.22 | സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |
| 43 | വിളവൂർക്കൽ | 107.50 | PWD NoC ലഭ്യമാക്കി പഞ്ചായത്ത് സ്ഥലം കൈമാറി നൽകേണ്ടതുണ്ട്. |
| 44 | പുന്നമൂട് | 452.4 | ഉടമ്പടി വച്ചുവെങ്കിലും നിർമ്മാണാനുമതി ലഭിക്കാൻ വൈകിയതിനാൽ കരാറുകാരൻ ടി പദ്ധതിയിൽ നിന്ന് ഒഴിവായി. നിലവിൽ പുതുക്കിയ ദർഘാസ് നടപടികൾ പൂർത്തീകരിച്ചു |
| 45 | ശാസ്താംകോട്ട | 215.85 | നിർമ്മാണ സ്ഥലം ലഭ്യമല്ല. |
| 46 | കരിപ്പുഴ | 173.28 | പദ്ധതി സ്ഥലത്തെ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതിന് |

| | | | |
|---|---|---|---|
| | | | അന്തിമ തീരുമാനം പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. |
| 47 | കണ്ണപുരം | 116.91 | പദ്ധതി സ്ഥലം മാറ്റിയതിനാൽ പദ്ധതിയ്ക്ക് കിഫ്ബി അംഗീകാരം ലഭ്യമായിട്ടില്ല |
| 48 | പഴയങ്ങാടി | 142.22 | പദ്ധതി പുരോഗമിക്കുന്നു |
| 49 | ന്യൂമാഹി | 129.20 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും സ്ഥലം ഫൈനലൈസ് ചെയ്തു ലഭിക്കേണ്ടതുണ്ട് |
| 50 | പൊന്നാനി | 170.07 | നിർമ്മാണ സ്ഥലം ലഭ്യമല്ല. |
| 51 | കാഞ്ഞങ്ങാട് | 301.48 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും സ്ഥലം ഫൈനലൈസ് ചെയ്തു ലഭിക്കേണ്ടതുണ്ട് |
| | **സംസ്ഥാന പദ്ധതി – മത്സ്യമാർക്കറ്റ് നിർമ്മാണം** | | |
| 1 | നൂറനാട് | 150.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | കലയപുരം | 150.00 | പദ്ധതി പുരോഗമിക്കുന്നു |
| 3 | എഴുകോൺ | 300.00 | പദ്ധതി പുരോഗമിക്കുന്നു |
| | **കേന്ദ്ര പദ്ധതി – മത്സ്യമാർക്കറ്റ് നിർമ്മാണം** | | |
| 1 | ആലുവ | 4823.99 | പദ്ധതി പുരോഗമിക്കുന്നു |
| 2 | കോഴിക്കോട് | 5517.00 | സ്ഥലം ലഭ്യമായിട്ടില്ല |
| | **IMCFV പദ്ധതി – മത്സ്യമാർക്കറ്റ് നിർമ്മാണം** | | |
| 1 | തലായി മത്സ്യ മാർക്കറ്റ് | 281.00 | പദ്ധതി പുരോഗമിക്കുന്നു |
| | **CRCFV പദ്ധതി – മത്സ്യമാർക്കറ്റ് നിർമ്മാണം** | | |
| 1 | ഞാറക്കൽ മത്സ്യ മാർക്കറ്റ് | 118.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | ഇടവനക്കാട് മത്സ്യ മാർക്കറ്റ് | 135.00 | പഞ്ചായത്തിൽ നിന്നും സ്ഥലം ലഭ്യമാകാൻ കാലതാമസം നേരിട്ടു |
| | **നബാർഡ് പദ്ധതി – മത്സ്യമാർക്കറ്റ് നിർമ്മാണം** | | |
| 1 | നെടുമൺകാവ് | 502.00 | പദ്ധതി പൂർത്തീകരിച്ചു |

## അനുബന്ധം – III

| ക്രമ നമ്പർ | പദ്ധതി | ഫണ്ട് | അനുവദിച്ച തുക (കോടി) | പദ്ധതി നടപ്പിലാക്കുന്ന ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | IMCFV ചാലിയം | PMMSY | 7.3295 | KSCADC | പ്രവൃത്തി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. 9 ഘടകങ്ങളിൽ 5 ഘടകങ്ങൾ പൂർത്തീകരിച്ചു. |
| 2 | സെൻട്രൽ മാർക്കറ്റ്, കോഴിക്കോട് | PMMSY | 50 | KSCADC | നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം പൂർത്തീകരിച്ചു |
| 3 | വടകര മത്സ്യഭവൻ നിർമ്മാണം | സംസ്ഥാന സർക്കാർ | 1 | KSCADC | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | വെള്ളയിൽ മത്സ്യഭവൻ നിർമ്മാണം | സംസ്ഥാന സർക്കാർ | 2 | PWD | പില്ലർ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു |
| 5 | നെറ്റ് മെന്റിങ് യാർഡ്, പൂഴിത്തല | സംസ്ഥാന സർക്കാർ | 1.5 | KSCADC | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | നെറ്റ് മെന്റിങ് യാർഡ് മാറാട് | സംസ്ഥാന സർക്കാർ | 1.46 | KSCADC | പ്രവൃത്തി പുരോഗമിക്കുന്നു |

## അനുബന്ധം – IV

## I.സംസ്ഥാന ബഡ്ജറ്റ് പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ജി ആർ എഫ് ടി എച്ച് എസ്സ്, കാഞ്ഞങ്ങാട് – ഹോസ്റ്റൽ റീവയറിംഗ് | 4.38 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എച്ച്.എസ്സ്. എസ്സ്, മുഴിപ്പിലങ്ങാട് – കിച്ചൺ, ഡൈനിംഗ് ഹാൾ നിർമ്മാണം | 37.30 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി എച്ച് എസ്സ് എസ്സ്, പാലയോട്, ധർമ്മടം – സ്പോർട്സ് ഗ്രൗണ്ട് വികസനം | 170.10 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ജി. എഫ് എൽ പി എസ്, അരിക്കാടി, കുമ്പള – പുനരുദ്ധാരണം | 33.17 | പദ്ധതി പൂർത്തീകരിച്ചു |
| 5 | അംഗൻവാടി, മേല്പൂർ, കണ്ണൂർ | 34.91 | പദ്ധതി പൂർത്തീകരിച്ചു |
| 6 | ഫാമിലി ഹെൽത്ത് സെന്റർ, പുതിയാപ്പ | 138.60 | പദ്ധതി പൂർത്തീകരിച്ചു |
| 7 | നൈൽ തിലാപ്പിയ ഹാച്ചറി, മലമ്പുഴ വികസനം | 270.00 | പദ്ധതി പൂർത്തീകരിച്ചു |
| | **നബാർഡ് പദ്ധതികൾ** | | |
| | **2021-22 സാമ്പത്തിക വർഷം** | | |
| 1 | പ്രായിക്കര ഫിഷ് ലാന്റിംഗ് സെൻറർ | 133.62 | പദ്ധതി പൂർത്തീകരിച്ചു |
| | **2022-23 സാമ്പത്തിക വർഷം** | | |
| 1 | സി എച്ച് സി, താനൂർ പുതിയ ഡയാലിസ്സിസ്സ് സെൻറർ | 232.12 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 2 | ജി ആർ എഫ് ടി എച്ച് എസ്സ്, താനൂർ – സ്റ്റെയർകേസ് നിർമ്മാണം | 8.23 | പദ്ധതി പൂർത്തീകരിച്ചു |
| 3 | മണ്ണംപുറം ഫ്ളാറ്റ് സമുച്ചയം – കോമ്പൗണ്ട് വാൾ നിർമ്മാണം | 56.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 4 | പി എച്ച് സി, ധർമ്മടം പുതിയ കെട്ടിടം | 424.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 5 | പി എച്ച് സി, മുഴിപ്പിലങ്ങാട് പുതിയ കെട്ടിടം | 313.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| | **നബാർഡ് പദ്ധതികൾ** | | |
| 1) | നെടുമൺകാവ് മത്സ്യമാർക്കറ്റ് | 502.00 | പദ്ധതി പൂർത്തീകരിച്ചു |
| | **2023-24 സാമ്പത്തിക വർഷം** | | |
| 1 | മണ്ണംപുറം ഫ്ളാറ്റ് സമുച്ചയം – RCC ഓവർഹെഡ് ടാങ്ക്, വാട്ടർ സപ്ലൈ, വൈദ്യുതീകരണം | 347.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | പടനിലം പബ്ലിക് മാർക്കറ്റ്, നൂറനാട് – പുതിയ കെട്ടിടം | 150.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | എ.ജെ. കോംപ്ലക്സ് പുനരുദ്ധാരണം | 80.00 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | (ഫേസ് 1) | | |
| 4 | പൂക്കളം സുനാമി കോളനി പുനരുദ്ധാരണം (ഫേസ് 1) 16 ബ്ലോക്കുകൾ | 160.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | പന്നിവേലിച്ചിറ ഫിഷ് ഫാം വികസനം | 100.00 | പദ്ധതി പൂർത്തീകരിച്ചു |
| 6 | നെയ്യാർ ഫിഷ് സീഡ് ഫാം ഫെൻസിംഗ് & പ്ലംബിംഗ് | 25.18 | പദ്ധതി പൂർത്തീകരിച്ചു |
| 7 | കടകംപ്പള്ളിയിൽ 168 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | 3762.00 | പദ്ധതി പുരോഗമിക്കുന്നു |
| 8 | നെയ്യാർ ഓർണമെൻറൽ ഹബ്ബ് വികസനം | 154.00 | പദ്ധതി പൂർത്തീകരിച്ചു |
| 9 | ഓഷ്യനേറിയം, മറൈൻ ബയോളജിക്കൽ പാർക്ക് സ്ഥാപിക്കൽ - പ്രീ പ്രോജക്റ്റ് ആക്ടിവിറ്റീസ് | 1000.00 | പ്രീ പ്രോജക്റ്റ് ആക്ടിവിറ്റീസ് പുരോഗമിക്കുന്നു |
| 10 | മത്സ്യഭവൻ, വടകര - പുതിയ കെട്ടിടം | 100.00 | പദ്ധതി പുരോഗമിക്കുന്നു |
| | **നബാർഡ് പദ്ധതികൾ** | | |
| 1 | ഇന്റഗ്രേറ്റഡ് അക്വാപാർക്ക്, കുതിരവട്ടംച്ചിറ, ആലപ്പുഴ | 1511.00 | പദ്ധതി പുരോഗമിക്കുന്നു |
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | വലിയതുറയിൽ 24 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | 574.00 | CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 2 | നെറ്റ്മെന്റിംഗ് ഹാൾ & ലോക്കർ റൂം, പൂഴിത്തല, വടകര | 150.00 | പദ്ധതി പുരോഗമിക്കുന്നു |
| 3 | എഴുകോൺ മത്സ്യമാർക്കറ്റും ഓഫീസ് സമുച്ചയവും | 300.00 | പദ്ധതി പുരോഗമിക്കുന്നു |
| | **2025-26 സാമ്പത്തിക വർഷം** | | |
| 1 | ജി ആർ എഫ് ടി എച്ച് എസ്സ്, കരുനാഗപ്പള്ളി ഹോസ്റ്റൽ പുനരുദ്ധാരണം | 75.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി ആർ എഫ് ടി എച്ച് എസ്സ്, കാഞ്ഞങ്ങാട് ഹോസ്റ്റൽ പുനരുദ്ധാരണം | 56.20 | പദ്ധതി പുരോഗമിക്കുന്നു |
| 3 | നെറ്റ്മെന്റിംഗ് യാർഡ്, മാറാട് | 146.00 | പദ്ധതി പുരോഗമിക്കുന്നു |
| 4 | ഫിഷ് പ്രോസസിംഗ് സെന്റർ, ചെങ്ങന്നൂർ | 200.00 | പദ്ധതി ആരംഭഘട്ടത്തിൽ |
| 5 | പൂക്കളം സുനാമി കോളനി പുനരുദ്ധാരണം - ഷീറ്റ് റൂഫിംഗ് | 149.00 | പദ്ധതി പുരോഗമിക്കുന്നു |
| 6 | പോളച്ചിറ ഫിഷ് സീഡ് ഫാം - വികസനം | 14.00 | വർക്ക് അവാർഡ് ചെയ്തു |
| 7 | ജി ആർ എഫ് ടി എച്ച് എസ്സ്, കരുനാഗപ്പള്ളി - വികസനം | 295.00 | പദ്ധതി പുരോഗമിക്കുന്നു |
| 8 | ജി ആർ എഫ് ടി എച്ച് എസ്സ്, ചാവക്കാട് - വികസനം | 263.00 | പദ്ധതി പുരോഗമിക്കുന്നു |
| 9 | ജി ആർ എഫ് ടി എച്ച് എസ്സ്, കാഞ്ഞങ്ങാട് - വികസനം | 337.00 | വർക്ക് അവാർഡ് ചെയ്തു |
| 10 | നെയ്യാർ ഫിഷ് സീഡ് ഫാം - | 178.80 | വർക്ക് അവാർഡ് ചെയ്തു |

| | | | |
|---|---|---|---|
| | ടാങ്കുകളുടെ നിർമ്മാണം | | |
| 11 | പന്നിവേലിച്ചിറ ഫിഷ് ഫാം അധിക വർക്കുകൾ ടാങ്കുകൾ, എയർ കണ്ടീഷനിംഗ് മുതലായവ | 49.70 | ദർഘാസ് നടപടി പുരോഗമിക്കുന്നു |
| 12 | പന്നിവേലിച്ചിറ ഫിഷ് ഫാം അധിക വർക്കുകൾ റോഡ്, കോമ്പൗണ്ട് വാൾ മുതലായവ | 49.70 | ദർഘാസ് നടപടി പൂർത്തീകരിച്ചു |
| 13 | പൂക്കുളം സുനാമി കോളനി പുനരുദ്ധാരണം (ഫേസ് 3) 4 ബ്ലോക്കുകൾ | 55.00 | വർക്ക് അവാർഡ് ചെയ്തു |
| 14 | ജി ആർ എഫ് ടി എച്ച് എസ്സ്, അർത്തുങ്കൽ - മെസ് ഹാൾ പുനരുദ്ധാരണം | 13.65 | ദർഘാസ് നടപടി സ്വീകരിക്കേണ്ടതുണ്ട് |
| 15 | ജി ആർ എഫ് ടി എച്ച് എസ്സ്, തേവര - പുനരുദ്ധാരണം | 28.65 | ദർഘാസ് നടപടി പൂർത്തീകരിച്ചുവരുന്നു |
| 16 | ജി ആർ എഫ് ടി എച്ച് എസ്സ്, ബേപ്പൂർ | 591.00 | ഭരണാനുമതി ലഭിച്ചതുപ്രകാരം തുടർനടപടി സ്വീകരിച്ചുവരുന്നു |
| 17 | പുതുക്കുറിച്ചി എ.ജെ. കോംപ്ലക്സ് പുനരുദ്ധാരണം ഫേസ് 3 | 90.50 | വർക്ക് അവാർഡ് ചെയ്തു |
| 18 | ദേവികുളം ഫിഷ് ഹാച്ചറി ഫെൻസിംഗ് | 31.50 | ദർഘാസ് നടപടി പൂർത്തീകരിച്ചുവരുന്നു |

## II. കിഫ്ബി പദ്ധതികൾ

### തീരസംരക്ഷണ പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതി | ഭരണാനുമതി തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മഞ്ചേശ്വരം ഗ്രോയിൻ നിർമ്മാണം | 1267.94 | പദ്ധതി പൂർത്തീകരിച്ചു. |
| 2 | തലായ് ഗ്രോയിൻ നിർമ്മാണം | 293.23 | പദ്ധതി പൂർത്തീകരിച്ചു. |
| 3 | ചേറ്റുവ ഗ്രോയിൻ നിർമ്മാണം | 714.72 | പദ്ധതി പൂർത്തീകരിച്ചു. |
| 4 | കൊല്ലം-താന്നി തീരസംരക്ഷണ പ്രവൃത്തി | 4219.57 | പദ്ധതി പൂർത്തീകരിച്ചു. |
| 5 | മുതലപ്പൊഴി ഹാർബറിലെ തീരസംരക്ഷണ പ്രവൃത്തി | 4965.86 | പദ്ധതി പുരോഗമിക്കുന്നു. |
| 6 | പൂന്തുറയിൽ ജിയോ ട്യൂബ് ഉപയോഗിച്ച് തീരസംരക്ഷണം | 2078.10 | പദ്ധതി പൂർത്തീകരിച്ചു. |
| 7 | കൊല്ലം വെടിക്കുന്ന് തീരസംരക്ഷണ പദ്ധതി | 980 | ഭരണാനുമതി നൽകിയ പ്രകാരം തുടർനടപടി സ്വീകരിച്ചുവരുന്നു |

**മത്സ്യമാർക്കറ്റ് നിർമ്മാണം**

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | അടൂർ | 200.53 | പദ്ധതി പൂർത്തീകരിച്ചു |
| 2 | പുത്തൂർ | 284.26 | പദ്ധതി പൂർത്തീകരിച്ചു |
| 3 | പുത്തൻചന്ത | 214.58 | പദ്ധതി പൂർത്തീകരിച്ചു |
| 4 | നടുക്കാട് | 251.18 | പദ്ധതി പുരോഗമിക്കുന്നു |
| 5 | പൂന്തുറ | 237.92 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 6 | പനച്ചമൂട് | 535.77 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 7 | നിലക്കാമുക്ക് | 166.76 | പദ്ധതി പുരോഗമിക്കുന്നു |
| 8 | കടപ്പാക്കട | 210.639 | പദ്ധതി പുരോഗമിക്കുന്നു |
| 9 | പള്ളിമുക്ക് | 320.527 | പദ്ധതി പുരോഗമിക്കുന്നു |
| 10 | മൂന്നാംകുറ്റി | 202.054 | പദ്ധതി പുരോഗമിക്കുന്നു |
| 11 | സൗത്ത് പരവൂർ | 235.182 | പദ്ധതി പുരോഗമിക്കുന്നു |
| 12 | കൊട്ടിയം | 226.22 | പദ്ധതി പൂർത്തീകരിച്ചു |
| 13 | ചാത്തന്നൂർ | 528.06 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 14 | കടയ്ക്കൽ | 374.43 | പദ്ധതി പുരോഗമിക്കുന്നു |
| 15 | കിഴക്കേകല്ലട | 214.42 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 16 | പുനലൂർ | 642.75 | പദ്ധതി പുരോഗമിക്കുന്നു |
| 17 | തങ്കശ്ശേരി | 320.729 | പദ്ധതി പുരോഗമിക്കുന്നു |
| 18 | കൂടൽ | 178.29 | പദ്ധതി പുരോഗമിക്കുന്നു |
| 19 | മാങ്കാംകുഴി | 176.13 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 20 | ചാലക്കുടി | 350.02 | പദ്ധതി പുരോഗമിക്കുന്നു |
| 21 | വക്കം | 195.786 | പദ്ധതി പുരോഗമിക്കുന്നു |
| 22 | വാമനപുരം | 439.32 | പദ്ധതി പുരോഗമിക്കുന്നു |
| 23 | പഴയകുന്നുമ്മേൽ | 358.10 | പദ്ധതി പുരോഗമിക്കുന്നു |
| 24 | കടക്കാവൂർ | 265.83 | പദ്ധതി പുരോഗമിക്കുന്നു |
| 25 | നെയ്യാറ്റിൻകര | 478.4 | പുതുക്കിയ പ്ലാൻ (കിഫ്ബി നിർദ്ദേശ പ്രകാരം) അനുസരിച്ച് TS പുതുക്കി തയ്യാറാക്കുന്നു. |
| 26 | അഞ്ചൽ | 472.314 | പദ്ധതി പുരോഗമിക്കുന്നു |
| 27 | കാവനാട് | 245.08 | പദ്ധതി പുരോഗമിക്കുന്നു |
| 28 | പത്തനാപുരം | 181.814 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |
| 29 | കുലശേഖരപുരം | 340.83 | ദർഘാസ് നടപടികൾ സ്വീകരിക്കേണ്ടതുണ്ട് |
| 30 | പാരിപ്പള്ളി | 302.63 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |
| 31 | കൊട്ടാരക്കര | 506.67 | പദ്ധതി പുരോഗമിക്കുന്നു |
| 32 | കുമ്പഴ | 227.31 | പദ്ധതി പുരോഗമിക്കുന്നു |
| 33 | മണ്ണഞ്ചേരി | 175.05 | പദ്ധതി പുരോഗമിക്കുന്നു |
| 34 | ചേർത്തല | 307.6 | പദ്ധതി പുരോഗമിക്കുന്നു |
| 35 | താമരക്കുളം | 227.52 | പ്രവൃത്തി പ്രാരംഭഘട്ടത്തിൽ |
| 36 | ചെത്തി | 170.35 | പദ്ധതി പുരോഗമിക്കുന്നു |
| 37 | ഇടക്കൊച്ചി | 143.26 | PED അംഗീകാരം സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മാർക്കറ്റ് നിർമ്മാണ സ്ഥലത്തിന്റെ feasibility പരിശോധിച്ചുവരുന്നു |
| 38 | നായരമ്പലം | 276.49 | പദ്ധതി പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| 39 | കുന്നംകുളം | 466.40 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനായി Out of court settlement സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കണമെന്ന് മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ലഭിച്ചിട്ടില്ല. |
| 40 | കാഞ്ഞിരംകുളം | 246.95 | സ്ഥലം ലഭ്യതയ്ക്കനുസരിച്ച് പ്ലാൻ പുതുക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു |
| 41 | ആല്ലംമൂട് | 175.25 | നിലവിലെ മാർക്കറ്റ് കെട്ടിടം ഉപയോഗയോഗ്യമായതിനാൽ പുതിയ നിർമ്മാണം ഏർപ്പാടാക്കേണ്ടതില്ല എന്ന് കിഫ്ബി നിർദ്ദേശിച്ചു |
| 42 | വെള്ളയിൽ | 373.22 | സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |
| 43 | വിളവൂർക്കൽ | 107.50 | PWD NoC ലഭ്യമാക്കി പഞ്ചായത്ത് സ്ഥലം കൈമാറി നൽകേണ്ടതുണ്ട്. |
| 44 | പുന്നമൂട് | 452.4 | ഉടമ്പടി വച്ചുവെങ്കിലും നിർമ്മാണാനുമതി ലഭിക്കാൻ വൈകിയതിനാൽ കരാറുകാരൻ ടി പദ്ധതിയിൽ നിന്ന് ഒഴിവായി. നിലവിൽ പുതുക്കിയ ദർഘാസ് നടപടികൾ പൂർത്തീകരിച്ചു |
| 45 | ശാസ്താംകോട്ട | 215.85 | നിർമ്മാണ സ്ഥലം ലഭ്യമല്ല. |
| 46 | കരിപ്പുഴ | 173.28 | പദ്ധതി സ്ഥലത്തെ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അന്തിമ തീരുമാനം പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. |
| 47 | കണ്ണപുരം | 116.91 | പദ്ധതി സ്ഥലം മാറ്റിയതിനാൽ പദ്ധതിയ്ക്ക് കിഫ്ബി അംഗീകാരം ലഭ്യമായിട്ടില്ല |
| 48 | പഴയങ്ങാടി | 142.22 | പദ്ധതി പുരോഗമിക്കുന്നു |
| 49 | ന്യൂമാഹി | 129.20 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും സ്ഥലം ഫൈനലൈസ് ചെയ്തു ലഭിക്കേണ്ടതുണ്ട് |
| 50 | പൊന്നാനി | 170.07 | നിർമ്മാണ സ്ഥലം ലഭ്യമല്ല. |
| 51 | കാഞ്ഞങ്ങാട് | 301.48 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും സ്ഥലം ഫൈനലൈസ് ചെയ്തു ലഭിക്കേണ്ടതുണ്ട് |

## III. കേന്ദ്ര ധനസഹായ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **2023-24 സാമ്പത്തിക വർഷം** | | |
| 1 | പ്രൊമോഷൻ ഓഫ് സസ്റ്റയിനബിൾ ഫിഷറീസ് ആൻറ് ലൈവ്ലിഹുഡ് ഓഫ് കേരള ത്രൂ ആർട്ടിഫിഷ്യൽ റീഫ് ഇൻസ്റ്റലേഷൻ | 1302.00 | പദ്ധതി പൂർത്തീകരിച്ചു. |
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | ഇൻ്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് | 619.50 | പദ്ധതി |

| | | | |
|---|---|---|---|
| | വില്ലേജ്, ആറാട്ടുപ്പുഴ, ആലപ്പുഴ | | പുരോഗമിക്കുന്നു. |
| 2 | ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ചെല്ലാനം, എറണാകുളം | 569.97 | പദ്ധതി പുരോഗമിക്കുന്നു. |
| 3 | ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, നായരംബലം, എറണാകുളം | 710.24 | പദ്ധതി പുരോഗമിക്കുന്നു. |
| 4 | ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, എടക്കഴിയൂർ, തൃശ്ശൂർ | 691.56 | പദ്ധതി പുരോഗമിക്കുന്നു. |
| 5 | ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്,താനൂർ, മലപ്പുറം | 717.47 | പദ്ധതി പുരോഗമിക്കുന്നു. |
| 6 | ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, പൊന്നാനി, മലപ്പുറം | 724.10 | പദ്ധതി പുരോഗമിക്കുന്നു. |
| 7 | ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ചാലിയം | 732.95 | പദ്ധതി പുരോഗമിക്കുന്നു. |
| 8 | ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ചലീൽഗോപാൽപേട്ട, കണ്ണൂർ | 636.50 | പദ്ധതി പുരോഗമിക്കുന്നു. |
| 9 | ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ഷിറിയ, കാസർഗോഡ് | 704.32 | പദ്ധതി പുരോഗമിക്കുന്നു. |
| 10 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, പള്ളം, തിരുവനന്തപുരം | 201.52 | പദ്ധതി പുരോഗമിക്കുന്നു. |
| 11 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ഇരവിപുരം | 202.45 | പദ്ധതി പുരോഗമിക്കുന്നു. |
| 12 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, അഴീക്കൽ, ആലപ്പുഴ | 200.614 | പദ്ധതി പുരോഗമിക്കുന്നു. |
| 13 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, തോട്ടപ്പള്ളി, ആലപ്പുഴ | 200.89 | പദ്ധതി പുരോഗമിക്കുന്നു. |
| 14 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, എടവനക്കാട്, എറണാകുളം | 200.04 | പദ്ധതി പുരോഗമിക്കുന്നു. |
| 15 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ഞാറയ്ക്കൽ, എറണാകുളം | 200.27 | പദ്ധതി പുരോഗമിക്കുന്നു. |

<u>**അനുബന്ധം – V**</u>

| ക്രമ നം. | ജില്ല | HMS എണ്ണം | പേര് വിവരം | വർഷം | എസ്സ്.ആർ.ഒ നമ്പർ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 2 | വിഴിഞ്ഞം | 2023 | 109/2023 തീയതി 20/01/2023 |
| | | | മുതലപ്പൊഴി | 2023 | 77/2023 തീയതി 16/01/2023<br>779/2025 തീയതി 11/07/2025 (ഭേദഗതി വരുത്തിയ ഉത്തരവ്) |
| 2 | കൊല്ലം | 4 | നീണ്ടകര | 2023 | 85/2023 തീയതി 17/01/2023 |
| | | | ശക്തികുളങ്ങര | 2023 | 64/2023 തീയതി 13/01/2023 |
| | | | തങ്കശ്ശേരി | 2023 | 67/2023 തീയതി 13/01/2023 |
| | | | അഴീക്കൽ | 2023 | 65/2023 തീയതി 13/01/2023 |
| 3 | ആലപ്പുഴ | 2 | തോട്ടപ്പള്ളി | 2023 | 62/2023 തീയതി 12/01/2023 |
| | | | അർത്തുങ്കൽ | 2023 | 76/2023 തീയതി 16/01/2023 |

| | | | | | |
|---|---|---|---|---|---|
| 4 | എറണാകുളം | 1 | ചെല്ലാനം | 2023 | 99/2023<br>തീയതി<br>19/01/2023 |
| 5 | തൃശ്ശൂർ | 1 | ചേറ്റുവ | 2023 | 96/2023<br>തീയതി<br>19/01/2023 |
| 6 | മലപ്പുറം | 2 | പൊന്നാനി | 2023 | 97/2023<br>തീയതി<br>19/01/2023 |
| | | | താനൂർ | 2023 | 84/2023<br>തീയതി<br>17/01/2023 |
| 7 | കോഴിക്കോട് | 5 | ബേപ്പൂർ | 2023 | 75/2023<br>തീയതി<br>16/01/2023 |
| | | | ചോമ്പാല | 2023 | 105/2023<br>തീയതി<br>19/01/2023 |
| | | | വെള്ളയിൽ | 2023 | 78/2023<br>തീയതി<br>16/01/2023 |
| | | | കൊയിലാണ്ടി | 2023 | 104/2023<br>തീയതി<br>19/01/2023 |
| | | | പുതിയാപ്പ | 2023 | 79/2023<br>തീയതി<br>16/01/2023 |
| 8 | കണ്ണൂർ | 2 | മാപ്പിളബേ | 2023 | 88/2023<br>തീയതി<br>17/01/2023 |
| | | | തലായി | 2023 | 87/2023<br>തീയതി<br>17/01/2023 |

| | | | | | |
|---|---|---|---|---|---|
| 9 | കാസർഗോഡ് | 2 | മടക്കര | 2023 | 86/2023 തീയതി 17/01/2023 |
| | | | മഞ്ചേശ്വരം | 2023 | 66/2023 തീയതി 13/01/2023 |

ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മീറ്റിംഗുകൾ കൂടുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ ഘടന താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | ജില്ലാ കളക്ടർ | ചെയർപെഴ്സൺ |
| 2 | പ്രദേശത്തെ എം.എൽ.എ | അംഗം |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീറിംഗ് വകുപ്പ് | അംഗം |
| 4. | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | മെമ്പർ സെക്രട്ടറി |
| 5 | മത്സ്യഫെഡ് ജില്ലാ മാനേജർ | അസിസ്റ്റന്റ് മെമ്പർ സെക്രട്ടറി |
| 6 | മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്നുള്ള ഒരു പ്രതിനിധി | അംഗം |
| 7 | അസിസ്റ്റന്റ് കമ്മീഷണർ(ഭക്ഷ്യ സുരക്ഷാ വകുപ്പ്) | അംഗം |
| 8 | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | അംഗം |
| 9 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (കേരള ജല അതോറിറ്റി) | അംഗം |
| 10 | പ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പർമാർ/വാർഡ് കൗൺസിലർ മാർ എന്നിവരിൽ നിന്നും സർക്കാർ നാമനിർ ദ്ദേശം ചെയ്യുന്ന ഒരാൾ | അംഗം |
| 11 | ഹാർബറിലെ അംഗീകൃത ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ അധികരിക്കാത്ത പ്രതിനിധികൾ | അംഗങ്ങൾ |
| 12 | പ്രദേശത്തെ യന്ത്രവത്കൃത യാന ഉടമകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി | അംഗം |

പ്രസ്തുത ഹാർബർ മാനേജ്മെൻറ് സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിന് വേണ്ടി ആക്ടിൻറെ 9 വകുപ്പ് 2-ാ ം ഉപവകുപ്പ് പ്രകാരം സർക്കാർ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടന (എസ്.ആർ.ഒ 738/2025 തീയതി 01/07/2025) താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | ചെയർപേഴ്സൺ |
| 2 | ജില്ലാ മാനേജർ, മത്സ്യഫെഡ് | സെക്രട്ടറി |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | അംഗം |
| 4 | സർക്കാർ നാമനിർദ്ദേശം ചെയ്ത് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിൽ അംഗമായിട്ടുള്ള അംഗീകൃത ട്രേഡ് യൂണിയനുകളുടെ 2 പ്രതിനിധികൾ | അംഗങ്ങൾ |
| 5 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | അംഗം |